## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.764. 07.02.2013 -ൽ മറുപടിയ്ക്ക്**

## ആശുപത്രികളിലെ അണുബാധ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ: | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്ത് വിവിധ ആശുപത്രികളിലെ തീവ്രപരിചരണ വിഭാഗത്തിലും ഓപ്പറേഷൻ തീയേറ്ററുകളിലും അണുബാധയുടെ തോത് വർദ്ധിക്കുന്നതുകാരണം രോഗികൾ മരണമടയുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഇല്ല |
| ബി) | ഓപ്പറേഷൻ തീയേറ്ററുകളും തീവ്ര പരിചരണ വിഭാഗങ്ങളും അണു വിമുക്തമായി സൂക്ഷിക്കുന്നതിന് ലോകാരോഗ്യ സംഘടന അനുശാസിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ബി) | പ്രധാനപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. കൈകളുടെ ശുചിത്വം<br>2. കൈയ്യുറ ഉപയോഗിക്കൽ<br>3.മുഖസംരക്ഷണത്തിനായി മാസ്ക് ധരിക്കുക<br>4. അയവുള്ള മേൽക്കുപ്പായം ധരിക്കുക<br>5.സൂചിയും മറ്റു മൂർച്ചയേറിയ ഉപകരണങ്ങളിൽ നിന്നും മുറിവേൽക്കാതെയുള്ള സംരക്ഷണം<br>6.ശ്വാസകോശരോഗങ്ങൾ തടയുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുക<br>7. പരിസര ശുചീകരണം ചെയ്യുക<br>8. തീയേറ്ററുകളിലും മറ്റും ഉള്ള തുണികൾ ശുചിയായി കൈകാര്യം ചെയ്യുക<br>9. ശരിയായ രീതിയിലുള്ള മാലിന്യ സംസ്കരണം<br>10. രോഗീപരിചരണോപകരണങ്ങളുടെ ശരിയായ ശുചിത്വം |

| | | | |
|---|---|---|---|
| സി) | ഈ മാർഗ്ഗ നിർദ്ദേശങ്ങൾ, സംസ്ഥാനത്തെ ആശുപത്രികളിൽ പൂർണ്ണമായും പാലിച്ചുകൊണ്ട് രോഗികളുടെ ജീവന് സുരക്ഷ ഉറപ്പു വരുത്തുവാൻ കൂടുതൽ നടപടികൾ സ്വീകരിക്കുമോ? | സി) | ഈ മാർഗ്ഗ നിർദ്ദേശങ്ങൾ സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ പാലിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**